**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4177

24.10.2016 ൽ
മറുപടിക്ക്

**പോലീസ് ഹെഡ്ക്വാർട്ടേഴ്സ് ബിൽഡിംഗ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.എസ്. ശബരീനാഥൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | പോലീസ് ഹെഡ്ക്വാർട്ടേഴ്സ് ബിൽഡിംഗ് എന്നാണ് പൈതൃകമന്ദിരമായി പ്രഖ്യാപിച്ചത്; | (എ) | നിലവിൽ ലഭ്യമായ വിവരം അനുസരിച്ച് പോലീസ് ആസ്ഥാനത്തെ കെട്ടിടത്തെ പൈതൃക മന്ദിരമായി പ്രഖ്യാപിച്ചിട്ടില്ല. |
| (ബി) | പൈതൃകമന്ദിരമായി പ്രഖ്യാപിച്ച പ്രസ്തുത കെട്ടിടത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി കെട്ടിടം പൊളിക്കുകയുണ്ടായോ; | (ബി) | പോലീസ് ആസ്ഥാന കെട്ടിടം പൊളിച്ചിട്ടില്ല. |
| (സി) | എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് പ്രസ്തുത കെട്ടിടത്തിൽ നടത്തിയതെന്ന് വെളിപ്പെടുത്തുമോ; ഇതിനായി എന്തു തുക ചെലവാക്കി; ഏത് ഏജൻസിയാണ് പ്രവർത്തികൾ നടത്തിയത്; | (സി) | പോലീസ് ആസ്ഥാനത്തെ ഔദ്യോഗിക കൃത്യനിർവ്വഹണം മെച്ചപ്പെടുന്നതിന്റെ ഭാഗമായി അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ, പോലീസ് സൂപ്രണ്ട് തുടങ്ങിയ ഉദ്യോഗസ്ഥരെ പുതിയ കെട്ടിടത്തിൽ നിന്നും പഴയ കെട്ടിടത്തിലേയ്ക്ക് മാറ്റുകയും അവർക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ പഴയ കെട്ടിടത്തിൽ ചെയ്തിട്ടുണ്ട്. (മറ്റ് വിവരങ്ങൾ ലഭ്യമല്ല). |
| (ഡി) | പൈതൃക മന്ദിരത്തിൽ അനധികൃത നിർമ്മാണ പ്രവൃത്തികൾ നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഡി) | അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ